പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 778 23-07-2012 -ൽ മറുപടിക്ക്.

## യുവാക്കളിലെ മദ്യാസക്തി നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ് :<br>" വി. റ്റി. ബൽറാം :<br>" എ. റ്റി. ജോർജ് :<br>" ഹൈബി ഈഡൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പു മന്ത്രി) |
| (എ) യുവാക്കളിലെ മദ്യാസക്തി നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) ഉണ്ട്. യുവാക്കളിലും കുട്ടികളിലും വ്യാപകമായിക്കൊണ്ടിരിക്കുന്ന മദ്യപാനശീലം ഒഴിവാക്കുന്നതിനായി, ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നത്. വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച്, മദ്യ ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരികയും, അതിൽ അവരെ പങ്കാളികളാക്കുകയും ചെയ്യുന്നുണ്ട്. മദ്യാസക്തിക്കെതിരെ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കാനും, മദ്യമയക്കു മരുന്നു വിപത്തിനെതിരെ ശക്തമായ ബോധവൽക്കരണ പ്രവർത്തനത്തിനും തുടക്കം കുറിച്ചു. സംസ്ഥാനത്തെ, സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം വിപുലീകരിച്ച്, വിദ്യാർത്ഥികളിൽ ലഹരി വിരുദ്ധ ആശയങ്ങൾ പ്രചരിപ്പിച്ച് അവരെ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, ലഹരി പദാർത്ഥങ്ങൾ വിദ്യാലയങ്ങളിൽ നിന്നും അകറ്റി നിർത്തുക, മദ്യ-ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നീ ഉദ്ദേശങ്ങളോടെ, എക്സൈസ് വകുപ്പ് ശക്തവും നൂതനവുമായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി, സെമിനാറുകൾ, സംവാദങ്ങൾ, പോസ്റ്റർ പ്രദർശനം, ഡീ-അഡിക്ഷൻ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, തെരുവു നാടകം മുതലായവ നടത്തി വരുന്നു. ബോധവത്കരണ സന്ദേശം ഉൾക്കൊള്ളുന്ന ജാലവിദ്യാ പ്രകടനവും, എഫ്.എം. റേഡിയോ, ആകാശവാണി എന്നിവ വഴിയുള്ള പ്രചരണം എന്നിവയും നടത്തുകയുണ്ടായി. ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണ |

| | | | |
|---|---|---|---|
| | | | ത്തിനായി, 'ദുരന്ത ലഹരി' എന്നപേരിൽ ഒരു ഡോക്യുമെന്ററി, ദൂരദർശനിലൂടെ സംപ്രേക്ഷണം ചെയ്തു വരുന്നു. സന്നദ്ധ സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വിവിധ സർക്കാർ വകുപ്പുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്കാരിക സംഘടനകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ സഹായ സഹകരണത്തോടു കൂടി, മദ്യത്തിനും മറ്റു ലഹരി പദാർത്ഥങ്ങൾക്കുമെതിരെ വിവിധ രീതികളിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി, സ്കൂളുകൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലബ്ബുകൾ രൂപീകരിച്ച്, സെമിനാറുകൾ, പോസ്റ്ററുകൾ, ഉപന്യാസ മത്സരം, ചിത്രരചനാ മത്സരം, വിദഗ്ദ്ധ ഡോക്ടർമാർ കൈകാര്യം ചെയ്യുന്ന ക്ലാസുകൾ എന്നിവ നടത്തി വരുന്നു. |
| (ബി) | പ്രായപൂർത്തിയായ ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ എത്ര കണ്ട് വെട്ടിക്കുറച്ചുവെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഉണ്ട്. 27.1 ലിറ്ററിൽ നിന്നും 15 ലിറ്ററായി വെട്ടിക്കുറച്ചിട്ടുണ്ട്. |
| (സി) | ബാർ ഹോട്ടലുകളുടെ പ്രവർത്തനസമയം വെട്ടിക്കുറയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (സി) | ഉണ്ട്. ബാർ ഹോട്ടലുകളുടെ പ്രവർത്തന സമയം, പഞ്ചായത്ത് / മുനിസിപ്പാലിറ്റികളിൽ രാവിലെ 8 മുതൽ രാത്രി 11 മണിവരെയും, കോർപ്പറേഷൻ പ്രദേശത്ത് രാവിലെ 9 മുതൽ രാത്രി 12 മണിവരെയുമാക്കി പരിമിതപ്പെടുത്തി. |
| (ഡി) | ഡ്രൈഡേയുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ദിവസങ്ങളാണ് പുതുതായി ഡ്രൈഡേയായി പ്രഖ്യാപിച്ചിട്ടുള്ളത്; | (ഡി) | ഉണ്ട്. ദു:ഖവെള്ളിയാഴ്ച ഡ്രൈ ഡേ ആയി പ്രഖ്യാപിച്ചു. |
| (ഇ) | സന്നദ്ധ സംഘടനകളുടെ പങ്കാളിത്തത്തോടെ ജനങ്ങളിലെ മദ്യാസക്തി കുറച്ചു കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (ഇ) | സന്നദ്ധ സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വിവിധ സർക്കാർ വകുപ്പുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്കാരിക സംഘടനകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ സഹായ സഹകരണത്തോടു കൂടി, മദ്യത്തിനും മറ്റു ലഹരി പദാർത്ഥങ്ങൾക്കുമെതിരെ വിവിധ രീതികളിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ആഫീസർ